KERALA BANK
Kerala State Co-operative Bank

**KERALA BANK**
**KERALA STATE CO-OPERATIVE BANK,**
**REGIONAL OFFICE, THRISSUR- 22,**
**PHONE:- 2325700.**
**Web Site:** www.kerala.bank.co.in
**E-mail ID :-** tsrro@keralabank.co.in

---

Ref.No.KB/RO/TSR/GAD/ARIMPUR/2026-27 തിയതി : 07/05/2026

**കേരള സംസ്ഥാന സഹകരണ ബാങ്ക് ടെണ്ടർ കം ലേലത്തിലൂടെ അരിമ്പൂർ ബ്രാഞ്ച് സ്ഥിതി ചെയ്യുന്ന വസ്തുവിലെ മഹാഗണി മരം വിൽപ്പന ചെയ്യുന്നതിനുള്ള ടെണ്ടറുകൾ ക്ഷണിക്കുന്നു.**

**നിബന്ധനകളും വ്യവസ്ഥകളും**

1) ടെണ്ടർ/ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ തൃശ്ശൂരിൽ മാറാവുന്ന കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ പേരിലുള്ള 3,000/-രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റായി EMD ഹാജരാക്കുകയും അല്ലെങ്കിൽ ബാങ്കിന്റെ ഏതെങ്കിലും ബ്രാഞ്ചിൽ 80082200503601 എന്ന എക്കൗണ്ടിൽ ടി സംഖ്യ നേരിട്ട് അടച്ച് രശീതിയുടെ പകർപ്പ് സഹിതം 21.05.2026 വൈകുന്നേരം 3.00 മണിക്ക് മുൻപ് പേര് രജിസ്റ്റർ ചെയ്യുകയും വേണം.

2) 21/05/2026 ന് വൈകീട്ട് 4.00 മണിക്ക് ബാങ്കിന്റെ മിനി കോൺഫറൻസ് ഹാളിൽ ലേലം/ടെണ്ടർ നടപടികൾ ആരംഭിക്കുന്നതായിരിക്കും. പേര് രജിസ്റ്റർ ചെയ്ത വ്യക്തികൾക്കോ, സ്ഥാപനങ്ങൾക്കോ മാത്രമേ ലേലത്തിൽ പങ്കെടുക്കാൻ അവകാശം ഉണ്ടായിരിക്കുകയുള്ളൂ. ലേലത്തിൽ പങ്കെടുക്കുന്നവർ തിരിച്ചറിയൽ രേഖകൾ, പാൻ കാർഡ് എന്നിവയുടെ പകർപ്പ് സമർപ്പിക്കേണ്ടതാണ്.

3) ലേലം കം ടെണ്ടർ എന്ന വ്യവസ്ഥയിലൂടെയാണ് വിൽപ്പന നടത്തുക. ലേല വേള യിൽ ക്വോട്ട് ചെയ്ത ഏറ്റവും ഉയർന്ന തുക (GST ഇല്ലാതെ) ലേല തുകയായി നിജപ്പെടുത്തുകയും തുടർന്ന് ടെണ്ടർ കവർ തുറന്ന് പരിശോധിക്കുമ്പോൾ ടെണ്ടർ കവറിൽ രേഖപ്പെടുത്തിയിരിക്കുന്ന ഉയർന്നതുക (GST ഇല്ലാതെ) ടെണ്ടറിന്റെ ഉയർന്ന തുകയായി നിശ്ചയിക്കുകയും ഇതിൽ (ടെണ്ടർ/ലേലത്തിന്) ഉയർന്ന തുക ക്വോട്ട് രേഖപ്പെടുത്തിയിരിക്കുന്ന വ്യക്തിക്ക്/ സ്ഥാപനത്തിന് ബാങ്കിന്റെ നിയമപരമായ നടപടികൾക്ക് ശേഷം വിൽപ്പന നടത്തുന്നതായിരിക്കും. ക്വോട്ട് ചെയ്ത തുകയ്ക്ക് പുറമെ ലേലം കൊണ്ട വ്യക്തി/സ്ഥാപനം GST തുക കൂടി അടയ്ക്കേണ്ടതാണ്.

4) ലേലമോ/ടെണ്ടറോ സ്ഥിരീകരിക്കാനും ഒരു കാരണവും കാണിക്കാതെ വിൽപ്പന മറ്റൊരു ദിവസത്തേക്ക് മാറ്റി വെയ്ക്കുവാനും ലേല ഉദ്യോഗസ്ഥന് സ്വാതന്ത്ര്യം ഉണ്ടായിരിക്കും. അത് ചോദ്യം ചെയ്യാൻ ലേലത്തിൽ പങ്കെടുക്കുന്ന വ്യക്തിക്കോ സ്ഥാപനങ്ങൾക്കോ അവകാശം ഇല്ലാത്തതുമാകുന്നു.

5) വിൽപ്പന സംബന്ധിച്ച് അന്തിമ തീരുമാനം ബാങ്കിൽ നിക്ഷിപ്തമാണ്. ഒരു കാരണവും സൂചിപ്പിക്കാതെ ടെണ്ടർ/ലേലം എന്നിവ സ്വീകരിക്കാനും/നിരസിക്കാനും ഉള്ള അധികാരം ബാങ്കിന് ഉണ്ടായിരിക്കുന്നതാണ്.

6) ലേലം കൊണ്ട വ്യക്തി/സ്ഥാപനം, അന്നു തന്നെ EMD തുകക്ക് പുറമെ ലേല തുകയിൽ 50% തുക ബാങ്ക് നിർദ്ദേശിക്കുന്ന അക്കൗണ്ടിൽ കെട്ടിവെയ്ക്കേണ്ടതും, 7 ദിവസത്തിനുള്ളിൽ മുഴുവൻ സംഖ്യയും അടച്ച് നിർദ്ദിഷ്ട മരം അപകടരഹിതമായി മുൻകരുതലിനുള്ള നടപടികൾ സ്വീകരിച്ച് മുറിച്ച് ബാങ്ക് അതിർത്തിയിൽ നിന്നും 7 ദിവസത്തിനുള്ളിൽ നീക്കം ചെയ്യേണ്ടതാണ്. ലേലം കൊണ്ട വ്യക്തി/സ്ഥാപനം ലേലദിവസം തന്നെ ലേലതുകയിലേക്ക് മേൽ സൂചിപ്പിച്ച 50% അടക്കാത്തപക്ഷം EMD തുക ബാങ്ക് വസൂലാക്കുന്നതും, ആയത് തിരികെ ലഭിക്കാൻ ടി വ്യക്തിക്ക്/സ്ഥാപനത്തിന് അർഹതയില്ലാത്തതായിരിക്കും.

7) ലേലം കൊണ്ട വ്യക്തി/സ്ഥാപനം, വിൽപ്പന സ്ഥിരീകരിച്ചതിന് ശേഷം 7 ദിവസത്തിനുള്ളിൽ വിലയുടെ ബാക്കി തുക അടയ്ക്കേണ്ടതാണ്. അല്ലാത്തപക്ഷം EMD തുകയും Clause 6 ൽ സൂചിപ്പിച്ച 50% സംഖ്യയും ബാങ്ക് വസൂലാക്കുന്നതുമായിരിക്കും.

8) 3000/- രൂപയുടെ DDയും, ടെണ്ടർ തുകയും രേഖപ്പെടുത്തി സീൽ ചെയ്ത കവർ കേരള സംസ്ഥാന സഹകരണ ബാങ്ക്, റീജിയണൽ ഓഫീസ്, കോവിലകത്തുംപാടം, തൃശ്ശൂർ എന്ന വിലാസത്തിൽ അയയ്ക്കുകയോ, റീജിയണൽ ഓഫീസിലേയ്ക്ക് നേരിട്ട് സമർപ്പിക്കുകയോ ചെയ്തിരിക്കണം.

9) നിബന്ധനകളും, വ്യവസ്ഥകളും അംഗീകരിച്ചതിലേക്കായി ഇതേ നോട്ടീസിൽ താഴെ പേരെഴുതി ഒപ്പിട്ടതിനുശേഷം ലേലത്തിൽ/ടെണ്ടറിൽ പങ്കെടുക്കുന്നവർ Clause 8 പ്രകാരം സമർപ്പിക്കേണ്ട രേഖകൾ സഹിതം ടെണ്ടർ കവറിന്റെ കൂടെ ബാങ്കിൽ സമർപ്പിക്കേണ്ടതാണ്.

Name & Signature of the Tenderer

THIRUVANANTHAPURAM ★ HEAD OFFICE: CO-BANK TOWERS, THE KERALA STATE CO-OPERATIVE BANK LTD. KERALA BANK

ജനറൽ മാനേജർ,
റീജിയണൽ ഓഫീസ്, തൃശൂർ.

തൃശൂർ
07-05-2026